"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II ശ്രീമതി.ജയലക്ഷ്മി ആർ.-നെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.42/2025/H&FWD    തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 55/2020/ആ.കു.വ തീയതി 16.09.2020.
2. ശ്രീമതി.ജയലക്ഷ്മി ആർ.., തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച 03.04.2023 തീയതിയിലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.11.2024, 12.12.2024 തീയതികളിലെ ഡി.എച്ച്എസ്/17136/2023-ഇസി4 നമ്പർ കത്തുകൾ

**ഉത്തരവ്**

പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തുവരവെ 29.05.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ശ്രീമതി.ജയലക്ഷ്മി ആർ., ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷ, സൂചന (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ബോണ്ട് സഹിതം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനാൽ നിയമന ശിക്ഷണാധികാരിയായ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ 1960-ലെ കെ.സി.എസ്(സി.സി&എ) ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോ നൽകി കൊണ്ട് ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി. ജയലക്ഷ്മി. ആർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ, ശരീരം മുഴുവനും അലർജി വന്നതിനാലും അമ്മയെ പരിചരിക്കാൻ മറ്റാരുമില്ലാത്ത സാഹചര്യത്തിലുമാണ് ജോലിക്ക് എത്താൻ സാധിക്കാതിരുന്നത് എന്നും മേലിൽ ഇത്തരം സാഹചര്യങ്ങളുണ്ടാകില്ല എന്നും ടിയാൾ വിശദീകരിക്കുകയും ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന്

സന്നദ്ധത അറിയിക്കുകയും ചെയ്തതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്കും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തുവരവെ 29.05.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ശ്രീമതി.ജയലക്ഷ്മി ആർ.-നെ അച്ചടക്കനടപടിയ്ക്ക് വിധേയമായി, സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പുന:പ്രവേശന അപേക്ഷയോടൊപ്പം അപേക്ഷക സമർപ്പിച്ചിട്ടുള്ള മുദ്രപത്രത്തിലുള്ള ബോണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. പുനഃപ്രവേശനം നേടുന്ന ഉദ്യോഗസ്ഥയുടെ ബാധ്യതാ വിവരം ടിയാളുടെ സേവന പുസ്തകത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബാധ്യതാ രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ശ്രീമതി.ജയലക്ഷ്മി ആർ.-നെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

4. അപേക്ഷകയ്ക്കെതിരെയുള്ള അച്ചടക്ക നടപടി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതും ആയത് തീർപ്പാകുന്ന മുറയ്ക്ക് ടിയാളുടെ അനധികൃത ഹാജരില്ലായ്മ ക്രമീകരിക്കുന്നതിനായുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഒറിജിനൽ ബോണ്ട് സഹിതം).

ശ്രീമതി. ജയലക്ഷ്മി. ആർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി -( F2/381/2023-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 30-01-2025 22:12:57

സെക്ഷൻ ഓഫീസർ